പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3385 | 14.3.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാരായ കുട്ടികളുടെ സംരക്ഷണം

ചോദ്യം | മറുപടി

ശ്രീ.രാജു എബ്രഹാം | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

**ചോദ്യം (എ)** ഭിന്നശേഷിക്കാരായ കുട്ടികളുടെ സംരക്ഷണത്തിനായി സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

**മറുപടി (എ)** ഭിന്നശേഷിക്കാരായ കുട്ടികളെ സംരക്ഷിക്കുന്നതിനായി ആലപ്പുഴ ജില്ലയിൽ ഒരു ക്ഷേമസ്ഥാപനവും(Care Home for Disabled Children-CHDC) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ സംരക്ഷിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ ഒരു ക്ഷേമസ്ഥാപനവും Home For Mentally Deficient Children-HMDC) സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. വികലാംഗ വിദ്യാർത്ഥികൾക്കായി ചുവടെ ചേർക്കും പ്രകാരം സ്കോളർഷിപ്പ് നൽകി വരുന്നു.

| ക്രമ നം | ക്ലാസ്സ് | സ്കോളർഷിപ്പ് നിരക്ക്/മാസം |
|---|---|---|
| 1. | 1 മുതൽ 5 വരെ | 300/- |
| 2. | 6 മുതൽ 10 വരെ | 500/- |
| 3. | +1, +2, തത്തുല്യമായ മറ്റ് കോഴ്സുകൾ | 750/- |
| 4. | ഡിഗ്രി, പി.ജി, പോളിടെക്നിക്, തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ | 1000/- |

| | |
|---|---|
| | പഠനോപകരണങ്ങളും യൂണിഫോമും വാങ്ങുന്നതിനായി ധനസഹായം നൽകുന്നു.<br><br>ഭിന്നശേഷിക്കാരായ കുട്ടികളുടെ സംരക്ഷണത്തിനായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി 50 ശതമാനത്തിനു മുകളിൽ ഭിന്നശേഷിത്വമുള്ളതും 12 വയസ്സിന് താഴെ പ്രായമുള്ളതുമായ കുട്ടികൾക്ക് 20000/- രൂപ വീതം ഫിക്സഡ് ഡെപ്പോസിറ്റ് നിക്ഷേപിക്കുന്ന പദ്ധതി കോർപ്പറേഷനിൽ നിലവിലുണ്ട്.<br><br>40% അധികം ഭിന്നശേഷിത്വമുള്ളതും 1 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളതുമായ കുട്ടികൾക്കും സഹായ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നു.<br>ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, മറ്റ് ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെയുള്ള കിടപ്പുരോഗികളായവർ എന്നിവരെ പരിചരിക്കുന്ന വ്യക്തിക്ക് **'ആശ്വാസകിരണം'** പദ്ധതിപ്രകാരം പ്രതിമാസം 600/- രൂപ നിരക്കിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ധനസഹായം നൽകി വരുന്നു. |
| (ബി) ഇവരെ പരിചരിക്കുന്നതിനും, വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും മാതാപിതാക്കൾക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; | (ബി) മാനസികവൈകല്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവിധ വൈകല്യം എന്നിവ ബാധിച്ചവരുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ഇതിലേയ്ക്കായി ICDS ഒന്നിന് 16,750/- രൂപ ക്രമത്തിൽ കേരളത്തിലെ 14 ജില്ലകളിലുമുള്ള 258 ICDS കൾ മുഖേന ബോധവൽക്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) മറ്റു കുട്ടികളെപോലെ ഭിന്നശേഷിക്കാരായ കുട്ടികളുടെയും വിദ്യാഭ്യാസ കലാകായിക രംഗങ്ങളിലുള്ള കഴിവ് കണ്ടെത്തി വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം, വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനായി ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്നതിനായി സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു. മാത്രമല്ല, വിദ്യാജ്യോതി പദ്ധതിയിലൂടെ ഇത്തരം കുട്ടികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ |

| | |
|---|---|
| | ന്നുണ്ട്. ലോക വികലാംഗദിനമായ ഡിസംബർ 3 ന് ജില്ലാതലത്തിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തുവരുന്നു.<br><br>ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 40 ശതമാനത്തിനു മുകളിൽ ഭിന്നശേഷിയുള്ള എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയിൽ ബി ഗ്രേഡോ അതിനു മുകളിലോ ഗ്രേഡുകളുള്ള വിദ്യാർത്ഥികൾക്ക് 2500/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ